**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1735** **05-07-2022 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ അസാപ് സ്കിൽ പാർക്ക് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽ കഴിഞ്ഞ 2011-16 ലെ സർക്കാരിന്റെ കാലത്ത് ഉദ്ഘാടനം നിർവ്വഹിച്ച അസാപ് സ്കിൽ പാർക്ക് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്ത് 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളാണ് സ്ഥല ലഭ്യതയുടെയും മറ്റ് അനുയോജ്യമായ ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. തിരൂരങ്ങാടി മണ്ഡലത്തിൽ ഒരു സ്കിൽ പാർക്കിനു വേണ്ടി തറക്കല്ലിട്ടുവെങ്കിലും പ്രദേശവാസികൾ പദ്ധതി അനുവദിക്കാത്തതിനാൽ അവിടെ സ്കിൽ പാർക്ക് നിർമാണം ഉപേക്ഷിക്കേണ്ടിവന്നു. |
| (ബി) | കോട്ടക്കൽ സർക്കാർ വനിതാ പോളിടെക്നിക് കോളേജിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അസാപ് സ്കിൽ പാർക്ക് നിർമ്മാണം ആരംഭിക്കുന്നതിനായി എം.എൽ.എ. സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) | കോട്ടക്കൽ സർക്കാർ പോളി ടെക്നിക്കിൽ നടപ്പിലാക്കാൻ ശിപാർശ ചെയ്ത അസാപ് സ്കിൽ പാർക്ക് തിരഞ്ഞെടുക്കപ്പെട്ട 16 എണ്ണത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ തത്ക്കാലം പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നതല്ല. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ നിർമ്മാണപ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | (സി) | (ബി) യിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ